# അക്കാദമിക മാസ്റ്റർപ്ലാൻ

ജി. എൽ. പി. എസ് മെച്ചന്ന

2025 - 2026

## ഉള്ളടക്കം


* ആമുഖം
* ലക്ഷ്യങ്ങൾ
* സ്ക്കൂൾ സ്ട്രെങ്ത്ത്
* അധ്യാപക അനധ്യാപക സുഹൃത്തുക്കൾ
* അക്കാദമിക പ്രവർത്തനങ്ങൾ
* വിദ്യാലയ നേട്ടങ്ങൾ
* മറ്റു പ്രവർത്തനങ്ങൾ.

## ആമുഖം

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ.എൽ.പി സ്കൂൾ മെച്ചന. പിന്നാക്ക മേഖലയായ മെച്ചനയെന്ന ഉൾഗ്രാമത്തിൽ വിദ്യയുടെ വെളിച്ചം പകർന്നു നൽകാൻ 1998-ൽ ആണ് സ്കൂൾ നിലവിൽ വന്നത്. രാജീവ്നഗർ, കോന്തമംഗലം, പാത്തിക്കൽ, വെണ്ണവേരിക്കുന്ന് ചുണ്ടങ്ങോട്, ചെമ്പകച്ചാൽ, മാതോത്ത്കുന്ന് തുടങ്ങി എട്ടോളം ഉന്നതികളിലെയും മറ്റ് സമീപ പ്രദേശത്തെയും വിദ്യാർത്ഥികൾ പഠനത്തിനായി ആശ്രയിക്കുന്നത് ഈ സ്ഥാപനത്തെയാണ്. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ കൂലിപ്പണിയെടുത്ത് മാത്രം ഉപജീവനം നടത്തുന്നവരാണ്. അതുകൊണ്ട് തന്നെ സ്കൂളുമായുള്ള നിരന്തര സമ്പർക്കം കുറവാണ്. ഇവരുമായിട്ടുള്ള നിരന്തര ബന്ധം നിലനിർത്തുന്നത് അധ്യാപകർ ഫോണുകൾ വഴിയും ഗൃഹ സന്ദർശനം വഴിയുമാണ്,

രക്ഷിതാക്കളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കാറുണ്ടെങ്കിലും, അധ്യാപകരുടെ അക്ഷീണ

പ്രവർത്തനം മൂലം വലിയ മാറ്റങ്ങളാണ് കുട്ടികൾക്ക് ഉണ്ടായത്. മെന്റർ ടീച്ചറുടെ നിരന്തര സമ്പർക്കം മൂലം ഉന്നതിക്കിലെ കുട്ടികളുടെ ഹാജർനില ഉയർത്താൻ സഹായിക്കുന്നുണ്ട്. എസ്.എസ്.ജി യുടെ നല്ല സഹകരണവും സ്കൂളിന്റെ വികസനത്തിന് സഹായകമാണ്.

വളരെയധികം പരിതാപപൂർണമായ സാഹചര്യങ്ങളിൽ നിന്നാണ് ഏറിയ പങ്ക് കുട്ടികളും വരുന്നത്. പഠനോപകരണങ്ങളുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾക്ക് പോലും പ്രയാസമനുഭവിക്കുന്ന കുഞ്ഞുങ്ങൾക്ക് അധ്യാപകരുടെ ശക്തമായ ഇടപെടലിലൂടെ, മെച്ചപ്പെട്ട പഠനാന്തരീക്ഷവും ജീവിത സാഹചര്യവും ഒരുക്കുന്നുണ്ട്.

പുതിയ ടെക്നോളജികളും, സമൂഹത്തിന്റെ മാറ്റങ്ങളെക്കുറിച്ചുമെല്ലാം കുട്ടിയെ പ്രാപ്തനാക്കിമാറ്റുവാൻ ഓരോ അധ്യാപകനും കഠിനാധ്വാനം ചെയ്യാറുണ്ട്. ഏറ്റവും മികച്ച അധ്യാപകരുടെ ഒരു ടീമിലൂടെയാണ് നിലവിൽ കൈവരിച്ച നേട്ടങ്ങളും മികവുകളും ഈ വിദ്യാലയത്തെ തേടിയെത്തിയത്.

ഡി.പി.ഇ.പി പ്രോജക്ടിന്റെ ഭാഗമായി വൃത്താകൃതിയായ പ്രത്യേക മാതൃക

യിലാണ് ഈ സ്കൂൾ നിർമ്മിച്ചിരിക്കുന്നത്. ഇതു തന്നെയാണ് കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്ന ഒരു ഘടകം. കെട്ടിടത്തിനുള്ളിൽ ഒരു കൊച്ചു പൂന്തോട്ടവും, അലങ്കാര മത്സ്യ കുളവും ഉണ്ട്. ~~ആ~~ സ്വന്തം വീട് പോലെയാണ് ഓരോ വിദ്യാർത്ഥിയും സ്കൂളിനെ കാണുന്നത്. ഇന്ന് ഭൗതികമായ ചില പരിമിതികളുണ്ടെങ്കിലും അതെല്ലാം അതിജീവിച്ച് അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളിലെല്ലാം മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

പിന്തുടർന്ന് വരുന്ന ഓരോ വിശ്വാസ പ്രമാണങ്ങളെയും പ്രതിഫലിപ്പിച്ചുകൊണ്ട് ഓരോ വർഷവും വിദ്യാലയ ~~മിക~~ അന്തരീക്ഷവും, പഠന മികവും, കൈമുതലാക്കി. മികച്ച വിദ്യാലയമെന്ന ഖ്യാതിയിൽ നാട്ടിൽ പുറത്തെ ചർച്ചകളിൽ വരെ 'മികവിന്റെ കേന്ദ്രമെന്ന' പേര് ഉറക്കെ ഊട്ടിയുറപ്പിച്ചാണ് മുന്നോട്ടുള്ള യാത്ര......
ഒരാൾ ഒറ്റയ്ക്കല്ല ഒരു കൂട്ടമായിട്ടാണ് ഞങ്ങളുടെ മുന്നേറ്റം.......

## ലക്ഷ്യങ്ങൾ

* വിഭിന്നശേഷി വിഭാഗക്കാരായ കുട്ടികൾക്ക് പൂർണ്ണ പിന്തുണ നൽകി മുഖ്യധാരയിൽ എത്തിക്കുക
* ഒരു വിദ്യാലയത്തിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക
* ഭാഷ, ശാസ്ത്രം, ഗണിതം, ഐ.സി.ടി തുടങ്ങിയ വിഷയങ്ങളിൽ സംനവിതവും താൽപര്യവും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
* കൃഷി പണികളോട് ആഭിമുഖ്യം വളർത്തുക.
* ഭയരഹിതമായ പഠനാന്തരീക്ഷം ഒരുക്കി പഠനത്തെ പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കുക.
* ലഹരി ഉപയോഗം പുതിയ തലമുറയിൽ നിന്ന് തുടച്ചു നീക്കാൻ നിരന്തര ബോധവൽക്കരണം കുട്ടികളിൽ നിന്ന് തുടങ്ങി രക്ഷിതാവിലേക്ക്
* സ്കൂളും ചുറ്റുപാടുകളിലെയും ഭൗതികമായ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക.

* ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് അവനിലുറഞ്ഞു കൂടിയിരിക്കുന്ന കഴിവുകളെ വളർത്തിയെടുക്കാനുള്ള പരമാവധി 'അവസരം' സൃഷ്ടിക്കുക.

* വിദ്യാലയം, അധ്യാപകൻ എന്നത് ഒരു പേടിസ്വപ്നമല്ലാതെ കൂട്ടുകാരെ പോലെ കളിചിരി തമാശകൾക്കിടയിലൂടെ രസിച്ചും, അറിഞ്ഞും അറിവിലേക്കെത്തിക്കുക.

* പി.ടി.എ, എസ്.എസ്.ജി തുടങ്ങിയവയുടെ സജീവ ഇടപെടലിലൂടെയും, സഹകരണങ്ങളാലെയും വിദ്യാലയത്തെ ഈ ഗ്രാമപ്രദേശത്തിലെ ഏറ്റവും മികച്ച സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരണം.

* മനോഹരമായ പൂന്തോട്ടം നിർമ്മിക്കുന്നതിലൂടെ സൗന്ദര്യമുള്ള വിദ്യാലയവും, വൈകുന്നേരങ്ങളിലെ ശാരീരിക വ്യായാമ, പരിശീലനവും യോഗമുറയും, സൗന്ദര്യമുള്ള സ്വഭാവമുള്ള ആരോഗ്യ വിദ്യാർത്ഥി സമൂഹത്തെയും സൃഷ്ടിച്ചെടുക്കുന്ന വ്യത്യസ്തമാർന്ന, ഒട്ടനവധി കാര്യങ്ങളും. ശീലമാക്കി മാറ്റും.

# സ്കൂൾ സ്ട്രെംഗ്ത്

2025- 2026.

| ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|
| 23 | 30 | 53 |
| ആൺകുട്ടികൾ (ST) | പെൺകുട്ടികൾ (ST) | ആകെ |
| 14 | 17 | 31 |

## അധ്യാപക അനധ്യാപക സ്റ്റാഫുകൾ

| | |
|---|---|
| ഹെഡ്മാസ്റ്റർ | 1 |
| എൽ. പി. എസ്. ടി | 3 |
| മെന്റർ | 1 |
| പി ടി സി എം | 1 |
| പാചകത്തൊഴിലാളി | 1 |
| ആകെ | 7 |

# അക്കാദമിക പ്രവർത്തനങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* എസ്. ആർ. ജി ശാക്തീകരണം
* വിവിധ ക്ലബ് പ്രവർത്തനങ്ങൾ
* ചക്കര മലയാളം - പിന്നോക്കക്കാർക്ക്
* കൂട്ടിയ്ക്കൊന്ന് - അമ്മയ്ക്കൊന്ന് - സൂര്യകാന്തി പാഠം
* വായനാ സന്ധി
* സംയുക്ത ഡയറി
* പി ടി എ യോഗങ്ങൾ
* ഗണിതം ലളിതം
* പത്തില പ്രദർശനം
* വാർത്താ ബോർഡ്
* ഹിന്ദി അച്ചി
* (ആരോഗ്യ കായിക പ്രവർത്തനങ്ങൾ)
  എക്സ്ക്യൂസ് മീ - ഇംഗ്ലീഷ് പഠനം
* കലാമേള, കായികമേള, ശാസ്ത്രമേള
* കടങ്കഥപ്പയറ്റ്
* വെളിച്ചത്തിൽ ബാസ്കറ്റ്
* പിറന്നാൾ ചെടി
* ഗോത്രോത്സവം
* കൈയ്യെഴുത്ത് മത്സരം

* ഉന്നതി സന്ദർശനം
* L.S.S പരിശീലനം
* ക്വിസ് മത്സരങ്ങൾ
* മികവ് ഉത്സവം
* ഭക്ഷ്യമേള
* ദിനാചരണം
* ബോധവത്കരണ ക്ലാസുകൾ
* വിദ്യാരംഗം കലാസാഹിത്യവേദി
* പഠനയാത്രകൾ
* S S G ശക്തീകരണം.

* എഴുത്തും വായനയും

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പാക്കും. ലിഖിത ലേഖന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ട് സ്കൂൾ പ്രവേശനത്തോടൊപ്പം തന്നെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

* എസ്. ആർ. ജി ശാക്തീകരണം.

അക്കാദമിക പ്രവർത്തനങ്ങളിലെ വെല്ലുവിളികൾ പരസ്പരം ചർച്ച ചെയ്ത് പരിഹരിക്കാനായി എല്ലാ വെള്ളിയാഴ്ചകളിലും ചേരുന്ന എസ്. ആർ. ജി യോഗങ്ങൾ സഹായകമാണ്. ഓരോ കുട്ടിയുടെയും കൃത്യമായ വിലയിരുത്തലുകൾ SRG യോഗത്തിൽ നടക്കും.

* വിവിധ ക്ലബ് പ്രവർത്തനങ്ങൾ

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വൈവിധ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി സാമൂഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കപ്പെടുന്നു.

* ചക്കര മലയാളം

പിന്നോക്കക്കാരായ കുട്ടികൾക്ക് ചക്കര മലയാളം എന്ന പേരിൽ പ്രത്യേക. ക്ലാസ്സുകൾ നൽകുന്നു. കുട്ടികളെ A, B, C എന്നിങ്ങനെ 3

ഗ്രൂപ്പുകളായി തിരിച്ച് C ഗ്രൂപ്പിൽ തീരെ പിന്നോക്കക്കാരെ ഉൾപ്പെടുത്തി ആഴ്ചയിൽ 5 മണിക്കൂർ ക്ലാസ് നൽകുന്നു.

* കുട്ടിയ്ക്കൊന്ന് - അമ്മയ്ക്കൊന്ന് സൂര്യകാന്തിപാടം.

ഓരോ കുട്ടിയ്ക്കും, അമ്മയ്ക്കും സൂര്യകാന്തി വിത്തുകൾ നൽകി സ്കൂളിൽ പ്രത്യേക സ്ഥലമൊരുക്കി അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടിയും അമ്മയും ചെടികൾ നടുന്നു. അവർ തന്നെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്, മൂന്ന് മാസ കാലയളവിൽ മനോഹരമായ സൂര്യകാന്തി പാടം അണിയിച്ചൊരുക്കുകയെന്നതാണ് ലക്ഷ്യം.

* വായനാസഞ്ചി

• വായനാ സഞ്ചിയിൽ നിശ്ചിത എണ്ണം പുസ്തകങ്ങൾ ഓരോ ആഴ്ചയിലും ഇട്ടു വയ്ക്കുകയും എല്ലാ ക്ലാസുകാരും പുസ്തകങ്ങൾ വിനിയോഗപ്പെടുത്തി ശേഷം പുതിയ പുസ്തകങ്ങൾ വയ്ക്കുന്നു. ക്ലാസ് തലത്തിൽ വായിച്ച പുസ്തകങ്ങൾ ചർച്ച നടത്തുന്നു.

* സംയുക്തഡയറി

1, 2 ക്ലാസുകളിൽ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി സംയുക്തഡയറിയും, 3, 4 ക്ലാസുകളിൽ ദൈനം ദിന ഡയറിയും എഴുതിക്കുക വഴി ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കുകയും ബെസ്റ്റ് ഡയറി നിർണ്ണയം നടത്തുകയും ചെയ്യുന്നു.

* പി ടി എ യോഗങ്ങൾ

പി ടി എ യോഗത്തിൽ പങ്കെടുക്കുന്ന രക്ഷിതാക്കൾക്ക് കൃത്യമായി അറ്റെൻഡൻസ് [illegible] കൂട്ടുന്ന യോഗത്തിൽ പങ്കെടുക്കുന്ന രക്ഷിതാവിന് സമ്മാനം നൽകുകയും ചെയ്യുന്നു. പി ടി എ യോഗങ്ങൾ ശാക്തീകരണമാണ് ലക്ഷ്യം.

* ഗണിതം ലളിതം

ഗണിതത്തോട് താല്പര്യം വളർത്താൻ കഴിയുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങുന്നു. കുട്ടിക്ക് പഠിക്കാനുള്ള സാമഗ്രികൾ നൽകി പഠനങ്ങൾ രസകരമാക്കുന്നു.

* പത്തില പ്രദർശനം.

കർക്കിടക മാസത്തോടനുബന്ധിച്ച് ഔഷധ ഗുണമുള്ള ഇലകൾ പ്രദർശനം, ഭക്ഷണ പട്ടികയിൽ ഇലക്കറികൾ ഉൾപ്പെടുത്തിയ വിഭവങ്ങളും ഒരുക്കി.

* വാർത്താ ബോർഡ്

വിദ്യാലയത്തിൽ വാർത്താ ബോർഡ് ഒരുക്കുകയും, സ്കൂളിലെ പ്രധാന സംഭവങ്ങൾ, പത്രങ്ങളിലെ പ്രധാന വാർത്തകൾ, പേപ്പറിൽ എഴുതി ഒട്ടിക്കൽ, വാർത്തയുടെ മാതൃകയിൽ തന്നെ എഴുതി പരിചയപ്പെടൽ.

* ഹിൻസപ്പ്

കുട്ടികളിൽ ആരോഗ്യവശവും കായികശേഷിയും ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി എക്സസൈസുകൾ ചെയ്യിപ്പിക്കൽ, വാം അപ്പ്, മാസ് ഡ്രിൽ പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സ്കൂൾ ഗ്രൗണ്ടിൽ നിർത്തി നിർത്തി പരിശീലനം നൽകൽ.

* എക്സ്ക്ലൂസ് ഇ

ഇംഗ്ലീഷ് ഡ്രാമ, പാഠ്യക്രിയ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇംഗ്ലീഷ് അസംബ്ലി 'റീഡിംഗ് കോംപറ്റീഷൻ', സ്റ്റോറി റീഡിംഗ്' എന്നിവ ചിന്താവിഷയം (ഫോട്ടോ)

* കലാകായിക ശാസ്ത്രമേള

സ്കൂൾ തലത്തിൽ എല്ലാ മേളകളും കൃത്യമായ ആസൂത്രണത്തോടെയും മുന്നൊരുക്കത്തോടെയും നടത്തുന്നു. മികച്ച വിദ്യാർത്ഥികളെ കണ്ടെത്തുന്നു.

* കടങ്കഥപ്പയറ്റ് മത്സരം

മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് കടങ്കഥപ്പയറ്റ് മത്സരം ഓൺലൈനായി നടത്തുന്നു.

* വെജിറ്റബിൾ ബാസ്കറ്റ്

ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി

വീട്ടിൽ കൃഷിചെയ്ത് കിട്ടുന്ന വിളവുകളിൽ ഒരു ഭാഗം സ്കൂളിലെ വെജിറ്റബിൾ ശേഖരത്തിൽ നിക്ഷേപിച്ച് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നു. വെജിറ്റബിൾ ബാസ്കറ്റിൽ നിക്ഷേപിക്കുന്ന പച്ചക്കറികൾക്ക് സമ്മാനവും നൽകുന്നു.

* പിറന്നാൾ ചെടി

താല്പര്യമുള്ള കുട്ടികൾക്ക് തങ്ങളുടെ പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി പിറന്നാൾ ദിനത്തിൽ സ്കൂളിലേക്ക് ഒരു ചെടി സ്പോൺസർ ചെയ്യാം. അവരെക്കൊണ്ട് തന്നെ പൂന്തോട്ടത്തിൽ നടുന്നതാണ്.

* ഗോത്രോത്സവം

ഗോത്ര വിഭാഗക്കാരായ രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും മുൻനിരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർക്കായി ഒരു ദിനം ഉത്സവമാക്കി മാറ്റുന്നു. അവരുടേതായ തനത് കലാരൂപങ്ങൾക്കവസരം

* കൈയ്യെഴുത്ത് മത്സരം

വൃത്തിയുള്ള കൈയ്യക്ഷരത്തിൽ എഴുത്ത് പരിശീലിപ്പിക്കുന്നതിനുള്ള പ്രോത്സാഹന മത്സരം.

* ഉന്നതി സന്ദർശനം.

ഉന്നതിയിലെ രക്ഷിതാക്കളുമായി മികച്ച ബന്ധം കാത്തു സൂക്ഷിക്കുന്നതിനും കുട്ടികളുടെ

ഹാജർ നിലവാരം കുറയാതിരിക്കാനും കൃത്യമായ ഇടവേളകളിൽ അധ്യാപകരുടെ ഭവന സന്ദർശനം.

*** LSS പരിശീലനം**

കൃത്യമായ ആസൂത്രണത്തോടെ L.S.S പരീക്ഷയ്ക്ക് വേണ്ട തയ്യാറെടുപ്പുകൾ നടത്തൽ. പ്രത്യേക സമയം കണ്ടെത്തി പരിശീലനം.

*** ക്വിസ് മത്സരം**

ദിനാചരണങ്ങളുടെ ഭാഗമായി ക്വിസ് മത്സരങ്ങൾ നടത്തൽ, സമ്മാനം നൽകി പ്രോത്സാഹിപ്പിക്കൽ എല്ലാ കുട്ടികളെയും പങ്കാളിയാക്കൽ

*** മികവ് ഉത്സവം**

വർഷാവസാനം പി.ടി.എ യോഗത്തിൽ വിവിധ പ്രദർശനം (മികവുകൾ), കുട്ടികളുടെ ഇനങ്ങൾ ലൈവായി അവതരിപ്പിക്കൽ.

*** ശാസ്ത്രമേള**

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ ക്ലാസുകളും ഒന്നിച്ച് ഒരു ദിവസം ശാസ്ത്രമേളയായി അവതരിപ്പിക്കൽ.

*** ബോധവൽക്കരണ ക്ലാസുകൾ/പഠനയാത്രകൾ**

വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യമുള്ളവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. പി.ടി.എ ക്കാരെ കൂടി ഉൾപ്പെടുത്തി പഠന വിനോദയാത്രകൾ സംഘടിപ്പിക്കൽ.

## * വിദ്യാരംഗം കലാസാഹിത്യവേദി / ~~[illegible]~~

കലാപരമായ കഴിവുകൾ പ്രകടമാക്കാനുള്ള അവസരം വിദ്യാരംഗം കലാസാഹിത്യ വേദിയിലൂടെ ലഭിക്കും. സമൂഹത്തിൽ [illegible] കുട്ടികൾക്കു അവസരം.

## * SSG

വിദ്യാലയത്തിന്റെ ശാക്തീകരണത്തിനായി SSG യുടെ പൂർണമായ സഹകരണം ആവശ്യമാണ്, എല്ലാ പരിപാടികളിലും SSG യുടെ പങ്കാളിത്തം ഉറപ്പുവരുന്നു.

# വാർഷിക കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | - പ്രവേശനോത്സവം, ഉന്നതിസന്ദർശനം. പരിസ്ഥിതി ദിനാഘോഷം, വായനാവാരം വായനാ സഞ്ചി, കുട്ടിയ്ക്കൊന്ന്- അമ്മയ്ക്കൊന്ന് സൂര്യകാന്തിപാടം. ചക്കരമലയാളം, ക്ലാസ് പിടിഎ |
| ജൂലൈ | പിടിഎ ജനറൽ ബോഡി ശില്പശാല, സംയുക്ത ഡയറി ഗണിതം മധുരം, ICT പഠനം. പത്തില പ്രദർശനം, സർഗ്ഗവേള |
| ആഗസ്റ്റ്. | - സ്കൂൾ ഇലക്ഷൻ<br>- വാർത്താ ബോർഡ്<br>- സ്വാതന്ത്ര്യദിനാഘോഷം<br>- വിദ്യാരംഗം/ക്ലബ്ബ് ഉദ്ഘാടനം<br>- ഹിൻസപ്പ് മേളം<br>- എക്സ്ക്യൂസ് മീ മേളം |

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| സെപ്തംബർ | - പി ടി എ യോഗം<br>- ഓണാഘോഷം- കുട്ടരോണം<br>- മൂല്യനിർണ്ണയം.<br>- കായികമേള<br>- സ്കൂൾ ശാസ്ത്രമേള. |
| ഒക്ടോബർ | - ചക്കരമലയാളം Review<br>സേവനവാരം<br>കടങ്കഥപ്പയറ്റ് :<br>കലാമേള |
| നവംബർ | - ശിശുദിനം<br>- ശാസ്ത്രോൽസവം<br>- കൈയ്യെഴുത്ത് മത്സരം |
| ഡിസംബർ | - ക്രിസ്തുമസ്സ് ആഘോഷം<br>- മൂല്യനിർണ്ണയം<br>- ഉന്നതി സന്ദർശനം. |

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജനുവരി | - L.S.S പരിശീലനം<br>- CPTA<br>- പഠനയാത്ര<br>- Staff council<br>- വാർഷികം പരിശീലനം |
| ഫെബ്രുവരി | - ഭക്ഷ്യമേള<br>- മികവ് ഉത്സവം<br>- ഇംഗ്ലീഷ് ഫെസ്റ്റ് |
| മാർച്ച് | - സ്കൂൾ വാർഷികം<br>- ഗണിതോത്സവം<br>- വാർഷിക മൂല്യനിർണ്ണയം<br>- പി ടി എ |

## വിദ്യാലയ നേട്ടങ്ങൾ

വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളും രക്ഷിതാക്കളും ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുതി ജീവിക്കുന്നവരും, പ്രതിസന്ധികളിൽ പെട്ട് നാളെയെക്കുറിച്ച് തീരുമാനമെടുക്കുവാൻ പ്രയാസമുള്ളവരും ആണ്. ഇത്തരം വെല്ലുവിളി നിറഞ്ഞ സാഹചര്യത്തിലും ശാസ്ത്രകലാമേളകളിൽ മെച്ചമായ സാന്നിധ്യം ഉറപ്പിക്കുന്നതിനും വിജയങ്ങൾ കരസ്ഥമാക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു.

അക്കാദമിക പ്രവർത്തനങ്ങളിൽ എൽ എസ് എസ് പരീക്ഷയിൽ മികച്ച മാർക്കോടെ വിജയം കരസ്ഥമാക്കി, പഞ്ചായത്തുതല ക്വിസ് മത്സരങ്ങളിൽ ഒന്നാംസ്ഥാനം നേടിയും, പിന്നോക്ക വിഭാഗത്തിലുള്ള കുട്ടികൾ അയ്യങ്കാളി സ്കോളർഷിപ്പുകൾ നേടി പഠന നിലവാരം ഉയർത്തുന്നു.

പഠനം പൂർത്തിയാക്കി പോയ പൂർവ്വ വിദ്യാർത്ഥികളുടെ പഠന നിലവാരം വളരെ മികച്ചതാണെന്ന സാക്ഷ്യവുമായി മറ്റു സ്കൂളിലെ അധ്യാപകരുടെ അഭിനന്ദനങ്ങൾ നമ്മൾക്ക് കരുത്തും ഊർജ്ജവും പകർന്നു നൽകുന്നു.

- ടിവി കോർണർ ഇഷ്ടഭക്ഷണം സമയത്ത് പാട്ടു കേൾക്കുന്നതിനും വാർത്തകളറിയുന്നതിനും തുടങ്ങി ഒരു വിഭാഗം. വിദ്യാർത്ഥികൾക്ക് ശാന്തമായ ഉപദേശങ്ങൾ നൽകുന്നു. മറ്റൊരു വിഭാഗം. കുട്ടിയിലേർപ്പെടുമ്പോൾ കാര്യങ്ങളെ കൂടെ ടി.വി പ്രദർശനവും നടക്കുന്നു.

വിശാലമായ കളിസ്ഥലമുള്ളതിനാൽ ഓടാൻ കാലത്ത് ചിരികൾ കൊണ്ട് ഉൾക്കൊള്ളുന്ന വിശാലമായ ഗ്രൗണ്ടിൽ തലങ്ങും വിലങ്ങും കളിച്ചുല്ലസിക്കുന്ന ബാല്യങ്ങൾ. പൂന്തോട്ടവും പച്ചക്കറിത്തോട്ടവും പൂമ്പാറ്റകളുള്ള ഉദ്യാനവുമെല്ലാം തികച്ചും ശിശുസൗഹൃദമായ അന്തരീക്ഷമാണ് സ്കൂളിന് നൽകുന്നത്.

ശരീരത്തോടൊപ്പം മാനസികോല്ലാസം ലഭിക്കുന്നതിന് സാധ്യത ഒരുക്കുന്നു. കുട്ടികൾക്ക് വളരെ വേഗം ഉപയോഗപ്രദമാണ്. പ്രൊജക്ടിന്റെ സഹായത്തോടെ ICT പഠനം രസകരമാക്കുന്നതും കുട്ടികൾക്ക് പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കുന്നു.

പി ടി എ കളെ ഉൾപ്പെടുത്തി എല്ലാ വർഷവും വിനോദയാത്ര സംഘടിപ്പിക്കാറുണ്ട്. രക്ഷിതാക്കളും കുട്ടികളുമായി ഫാമിലി ടൂർ പോകുന്നതിലാണ് ഒരോ വിനോദ പഠനയാത്രകളും

കുട്ടികൾ ആസ്വദിക്കുന്നത്.

സ്കൂൾ വാർഷികം. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സ്റ്റേജിൽ കയറാനവസരം. തൊടുന്നു കൊണ്ടുള്ള വാർഷികാഘോഷമാണ് നടന്നത്. എല്ലാവരെയും തുല്യരായി കണ്ട് ഒരേ മനസ്സോടെ എല്ലാവർക്കും അവസരം നൽകിയാണ് വാർഷികാഘോഷം നടത്തി വരുന്നു.

അധ്യാപകർ തന്നെ പഠിപ്പിക്കുന്ന നൃത്ത കലാപരിപാടികളും വാർഷികാഘോഷത്തിന്റെ പ്രത്യേകതയാണ്.

മുന്നോട്ടുള്ള യാത്രയിൽ, ഒരു കുട്ടിയും തനിച്ചല്ല ഒരേ മനസ്സോടെ ഒന്നിച്ചുള്ള യാത്രയായി, മെച്ചമുള്ള കൊടവിളക്കായി അനേകമായിരം കുരുന്നുകൾക്ക് അക്ഷരജ്വാലകൾ പകർന്നു നൽകുവാൻ ഈ വിദ്യാലയം എന്നും മുന്നിൽ ഉണ്ടാകും...